പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2540 06.12. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസുകളിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്.<br>" പി.ജെ .ജോസഫ്<br>" മോൻസ് ജോസഫ്<br>ഡോ. എൻ.ജയരാജ്. | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസുകളിൽ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ)കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി കൈകാര്യം ചെയ്യുന്നതിലേയ്ക്കാവശ്യമായ തസ്തികകളിൽ ചുവടെ സൂചിപ്പിക്കുന്ന രീതിയിൽ ചില തസ്തികകളിൽ പ്രമോഷൻ/ നിയമനം നൽകുകയും മറ്റു ചില തസ്തികകളിൽ പ്രമോഷൻ/നിയമനം നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചും വരുന്നു.<br>1. <u>അസിസ്റ്റന്റ് എൻജിനീയർ</u><br>കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സബ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്ന് അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് 22.11.2018-ന് നിലവിൽ വന്ന താൽക്കാലിക പ്രമോഷൻ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലുള്ള ഒഴിവുകൾ നികത്തിയിട്ടുണ്ട്.<br>2. <u>സീനിയർ സൂപ്രണ്ട്</u> : സീനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് 16.08.2018-ൽ ഇറങ്ങിയ പ്രമോഷൻ ഉത്തരവ് പ്രകാരം ആകെയുള്ള 136 സീനിയർ സൂപ്രണ്ടുമാരിൽ നിന്ന് 110 പേരെ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ സെക്ഷൻ ഓഫീസുകളിൽ നിയമിച്ചിട്ടുണ്ട്. ഇനിയുള്ള ഒഴിവുകൾ നികത്തുന്നതിലേയ്ക്കാവശ്യമായ നടപടികൾ പുരോഗമിച്ച് വരുന്നു.<br>3. <u>സബ് എൻജിനീയർ</u> : നിലവിലുള്ള എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്.<br>പ്രമോഷൻ മുഖാന്തിരം നികത്തേണ്ട 150 സബ് എൻജിനീയർ (ഇലക്ട്രിക്കൽ)-ടെ ഒഴിവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നികത്താൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

| | |
|---|---|
| | 4. <u>കാഷ്യർ</u><br><br>കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ കാഷ്യർ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>5. <u>ഓവർസീയർ</u><br><br>കെ.എസ്.ഇ.ബി. ലിമിറ്റഡിലെ 325 ഓവർസീയർ തസ്തികയിലേയ്ക്കുള്ള പ്രമോഷൻ നടപടികൾ അവസാനഘട്ടത്തിലാണ്.<br><br>6. <u>ലൈൻമാൻ</u><br>ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിൽ നിന്ന് ലൈൻമാൻ തസ്തികയിലേയ്ക്ക് പ്രമോഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>7. <u>ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ</u><br>തസ്തികകളിലേയ്ക്ക് ഒഴിവനുസരിച്ച് നിയമനം നൽകിയിട്ടുണ്ട്. പെറ്റികോൺട്രാക്ട് വർക്കർമാരിൽ നിന്ന് ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിലേക്ക് സ്ഥിരപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സിയിൽ നിന്നും കമ്മ്യൂണിറ്റി റൊട്ടേഷൻ തീരുമാനിച്ച് റാങ്ക് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |
| (ബി) അനുദിന ജീവിതത്തിൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് കെ.എസ്.ഇബി. ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കാവശ്യമായ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ